**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1604 15/02/2016 -ൽ മറുപടിയ്ക്ക്

# മണ്ണ്-ജല സംരക്ഷണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.പി.മുഹമ്മദ്**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, ലൂഡി ലൂയിസ്**<br>**,, അൻവർ സാദത്ത്** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ഈ സർക്കാരിന്റെ കാലത്ത് മണ്ണ്-ജലസംരക്ഷണ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; | എ) ഈ സർക്കാരിന്റെ കാലത്ത് മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പു മുഖേന മണ്ണുജല സംരക്ഷണ പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;<br>&<br>സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | ബി) & സി) സുസ്ഥിര വികസനത്തിനായി പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും പാരിസ്ഥിതിക പുനരുജ്ജീവനവും ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭൂവിഭവ പരിപാലനത്തിലൂടെയും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിലൂടെയും സുസ്ഥിര കാർഷികോൽപ്പാദനവും സ്വയം പര്യാപ്തതയും കൈവരിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പ് **പദ്ധതികൾ നടപ്പിലാക്കുന്നത്**<br><br>1. <u>നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള മണ്ണു ജല സംരക്ഷണ പദ്ധതി</u><br><br>ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 114 കോടി രൂപ അനുവദിച്ചതിൽ 96.14 കോടി രൂപ ചെലവഴിച്ച് 42447 ഹെക്ടർ പ്രദേശം നാളിതുവരെ |

സംരക്ഷിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പദ്ധതി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

2. ഉരുൾപൊട്ടൽ ബാധിത / സാദ്ധ്യതാ പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 7.83 കോടി രൂപ ലഭിച്ചതിൽ 5.66 കോടി രൂപ ചെലവഴിച്ച് 26220 ഹെക്ടർ പ്രദേശം സംരക്ഷിച്ചു. കോട്ടയം, ഇടുക്കി, വയനാട്, പാലക്കാട്, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
3. അരുവിക്കര, ശാസ്താംകോട്ട എന്നീ ശുദ്ധജല വിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുജല സംരക്ഷണത്തിനായി ലഭിച്ച 125 ലക്ഷം രൂപയിൽ നാളിതുവരെ 112.8 ലക്ഷം രൂപ ചെലവഴിച്ച് 614 ഹെക്ടർ പ്രദേശം സംരക്ഷിച്ചു. പദ്ധതിപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**